**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2139** **12-02-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ല ദുരന്ത നിവാരണ അതോറിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2022 മുതൽ 2024 വരെയുള്ള കാലഘട്ടത്തിൽ മലപ്പുറം ജില്ല ദുരന്ത നിവാരണ അതോറിറ്റി എത്ര സിറ്റിങ്ങ്/മീറ്റിങ്ങ് നടത്തിയിട്ടുണ്ട് എന്ന് അറിയിക്കുമോ; | (എ) | ഈ കാലയളവിൽ 12 യോഗങ്ങൾ ചേർന്നിട്ടുണ്ട്. |
| (ബി) | പ്രസ്തുത അതോറിറ്റിയുടെ മീറ്റിങ്ങ് കൃത്യമായ ഇടവേളകളിൽ കൂടാത്തത് മൂലം കമ്മിറ്റി പരിശോധിച്ച് നല്കേണ്ട സാക്ഷ്യപത്രങ്ങൾ അപേക്ഷകർക്ക് ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത അതോറിറ്റി കൃത്യമായ ഇടവേളകളിൽ കൂടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ജില്ലയിലെ ദുരന്തനിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ തീരുമാനം സ്വീകരിക്കുന്നതിനാണ് ജില്ലാ ദുരന്തനിവാരണ അതോറിറ്റി യോഗം ചേരുന്നത്. ജില്ലാ ദുരന്തനിവാരണ അതോറിറ്റി അപേക്ഷകർക്ക് സാക്ഷ്യപത്രങ്ങളൊന്നും അനുവദിക്കുന്നില്ല. ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ ഇടപെടൽ വേണ്ടി വരുന്ന വിഷയങ്ങളിൽ തീരുമാനം സ്വീകരിക്കുന്നതിനായി സമയബന്ധിതമായി ജില്ലാ ദുരന്തനിവാരണ അതോറിറ്റി യോഗം ചേരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ